# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 576 — 28.10.2016 ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു. തുറമുഖവും,മ്യൂസിയവും പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ച് വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വാർഷിക ഭരണ റിപ്പോർട്ട് പരിശോധിച്ച് പ്രത്യവലോകനം ചെയ്ത് സർക്കാർ ഉത്തരവായി പുറപ്പെടുവിക്കാറുണ്ട്. |
| (ബി) | നിലവിലുള്ള ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറക്കായി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പുരാവസ്തുവകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളത്. ഇവയെ പുരാവസ്തുവകുപ്പിന് ലഭ്യമായ ഫണ്ടിന്റെയും ഉദ്യോഗസ്ഥരുടെയും അടിസ്ഥാനത്തിൽ സംരക്ഷിച്ചു വരുന്നു. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്ര സ്മാരകങ്ങളും പൈതൃക സമ്പത്തും സംരക്ഷിക്കുന്നുണ്ട്. ചരിത്ര, സാംസ്കാരിക, പൈതൃക മൂല്യങ്ങൾ പരിഗണിച്ചും 100 വർഷത്തിൽ കൂടുതൽ കാലങ്ങളായി നിലനിൽക്കുന്നതുമായ സവിശേഷത പരിഗണിച്ചുമാണ് ഇവ സംരക്ഷിച്ചു പോരുന്നത്. കൂടാതെ എല്ലാ ജില്ലകളിലും ഉള്ള പൗരാണിക സവിശേഷതകളുടെ അടിസ്ഥാനത്തിൽ ജില്ലാതല പുരാവസ്തു പൈതൃകമ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി എന്നീ 8 ജില്ലകളിൽ മ്യൂസിയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി 6 ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലമോ, കെട്ടിടങ്ങളോ ലഭ്യമാക്കാൻ ശ്രമിച്ചു വരികയാണ്. ലഭ്യമാകുന്ന മുറയ്ക്ക് അവിടങ്ങളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുടങ്ങാൻ കഴിയും. ഇത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ ചരിത്രസ്മാരകങ്ങളും പൈതൃകസമ്പത്തും ഭാവിതലമുറയ്ക്കായി സംരക്ഷിക്കുന്നതിന് ഉതകുന്നവയാണ്. കൂടാതെ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹകളും, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരവും യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടംപിടിക്കുന്നതിലേയ്ക്കായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരത്തെ യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കൊട്ടാരത്തെ അന്തിമപൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നശിച്ചു കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ സാധിക്കാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും നശിച്ചു കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | 1968 ലെ പുരാവസ്തു സംരക്ഷണ നിയമ പ്രകാരം ശ്രദ്ധയിൽപ്പെടുന്ന നശിച്ചു കൊണ്ടിരിക്കുന്ന പൈതൃക ശേഷിപ്പുകൾ സംരക്ഷണ യോഗ്യമാണോയെന്ന് പരിശോധിച്ച് ആയവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേക്കായി പുരാവസ്തുക്കളുടെയും ചരിത്ര പുനർ നിർമ്മിതിക്കാവശ്യമായ മറ്റ് ഭൗതിക അവശിഷ്ടങ്ങളും കണ്ടെടുക്കുവാൻ വേണ്ട അന്വേഷണവും പഠനവും നടത്തുന്നതിന് പുരാവസ്തു പര്യവേഷണ ഉത്ഖനന വിഭാഗവും, കൂടാതെ ചരിത്ര ശേഷിപ്പുകളുടെ തനിമ നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി റീജിയണൽ കൺസർവേഷൻ ലബോറട്ടറിയും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**